**3. സംഭവങ്ങൾ**

a. *ശിഷ്യരെ വിളിക്കുന്നു. 1:16-20; 2:13-18; 3:13-21*

b. *സ്നാപകയോഹന്നാന്റെ മരണം. 6:14-29*

c. *മറുരൂപം. 9:1-13*

d. *ധനവാനായ യുവാവ്. 10:17-22*

e. *യാക്കോബിന്റെയും യോഹന്നാന്റെയും ആഗ്രഹം. 10:35-45*

f. *രാജകീയ പ്രവേശനം. 11:1-11*

g. *ദേവാലയം ശുദ്ധീകരിക്കുന്നു. 11:15-18*

h. *അത്തിവൃക്ഷം ഉണങ്ങുന്നു. 11:19-21*

i. *വിധവയുടെ രണ്ടു കാശ്. 12:41-44*

**IV മരണം, അടക്കം, ഉയിർപ്പ് എന്നിവ ദാസനെ നഷ്ടോത്തരവാദം ചെയ്യുന്നു. അദ്ധ്യാ. 14:1; 16:20**

A. *യേശുവിന്റെ മരണത്തിനുള്ള ഇടം. 14:1,2*

B. *യേശുവിന്റെ ബെഥാന്യയിലെ അത്താഴത്തിൽ 14:3-9*

C. *യേശുവിനെ ഒറ്റിക്കൊടുക്കുന്നതിന് യൂദ കൈക്കൂലി വാങ്ങുന്നു. 14:10,11*

D. *പെസഹ. 14:12-26*

E. *ഗത്സമേന തോട്ടം. 14:27-42*

F. *യേശുവിനെ ബന്ധിക്കുന്നു. 14:43-52*

G. *യേശുവിന്റെ വിസ്താരം. 14:53; 15:15*

H. *യേശുവിന്റെ ക്രൂശീകരണം. 15:16-41*

I. *അടക്കം. 15:42-47*

J. *ഉയിർപ്പ്. 16:1-20*

*ശ്രവിപ്പിൻ ട്രാൻസ്‌വേൾഡ് റേഡിയോ - ഇന്ത്യയുടെ മലയാള പരിപാടികൾ, MW 340 മീറ്ററിൽ ഓരോ പ്രഭാതത്തിലും 5.00 മുതൽ, ശനിയാഴ്ചവൈകിട്ട് 9.45 നും ഞായറാഴ്ച രാവിലെ 6.30 നും പതിവായി ശ്രവിക്കുക. സ്നേഹിതർക്കും പരിചയപ്പെടുത്തുക. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.*

ജീവസന്ദേശം പോസ്റ്റ് ബോക്സ് നമ്പർ-3, മഞ്ഞാടി പി.ഒ. തിരുവല്ല - 5, കേരളം
ഫോൺ : 0469 - 2700284, Mob: 9447767378

## ട്രാൻസ് വേൾഡ് റേഡിയോ ഇൻഡ്യയുടെ

# ജീവസന്ദേശം

## റേഡിയോ ബൈബിൾ പഠനം

# മർക്കൊസ്

**എഴുത്തുകാരൻ : മർക്കൊസ് എന്ന യോഹന്നാൻ**

*യോഹന്നാൻ എന്നതു തന്റെ എബ്രായ നാമവും മർക്കൊസ് എന്നത് ലത്തീൻ നാമവുമാണ്. (അ.പ്ര.12:2) തിരുവചനത്തിൽ മർക്കോസിനെക്കുറിച്ചുള്ള ആദ്യ ചരിത്ര പരാമർശമാണിത്. മർക്കൊസിന്റെ അമ്മ യെരുശലേം സഭയിലെ സമ്പന്നയും പ്രസിദ്ധയുമായിരുന്നു. അവൻ ബർന്നബാസിന്റെ അനന്തരവനുമായിരുന്നു (കൊലൊ.4:10). ഒരു പക്ഷേ താൻ പത്രോസിന്റെ ആത്മീയ സന്തതിയുമായിരുന്നു (1പത്രൊ.5:13). മർക്കൊസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിലധികവും മിക്കവാറും പത്രോസിൽനിന്നു തനിക്കു കിട്ടിയതായതുകൊണ്ട്, ഇതിനെ പത്രോസിന്റെ സുവിശേഷമെന്ന് വളരെക്കാലം കരുതിയിരുന്നു. തന്നെ രക്ഷയുടെ പരിജ്ഞാനത്തിലേക്കു കൊണ്ടുവന്ന ശിമോൻ പത്രോസ് മർക്കൊസിന്റെ ജീവിതത്തെ വളരെ സ്വാധീനിച്ചിട്ടുണ്ടായിരുന്നെന്നു കരുതുന്നതു തികച്ചും സ്വഭാവികമാണ്.*

*ഒന്നാം മിഷണറിയാത്രയ്ക്കു മുമ്പായിരുന്നു മർക്കൊസ് പൗലൊസിനോടും ബർന്നബാസിനോടുമൊപ്പം ചേർന്നത്. (അ.പ്ര.13:5) എന്നാൽ പാംഫുല്യയിലെ പെർഗ്ഗെയിൽവെച്ച് അവൻ പിന്തിരിഞ്ഞു. (അ.പ്ര.13:13). അതിന്റെ കാരണമോ വിശദീകരണമോ ഇവിടെ കാണുന്നില്ല. എന്നാൽ പൗലൊസിന്റെ കാഴ്ചപ്പാടിൽ, അവൻ പരാജയപ്പെട്ടു എന്നു വ്യക്തമാണ്. അതിനു തെളിവാണ് രണ്ടാം മിഷനറിയാത്രയിൽ തന്നെ കൊണ്ടുപോകുന്നതിനുള്ള പൗലൊസിന്റെ വിയോജിപ്പ്. (അ.പ്ര.5:37,38) തന്മൂലം പൗലൊസും ബർന്നബാസും തമ്മിൽ വേർപിരിയുന്നു. (അ.പ്ര.15:39). എന്നാൽ, പിന്നീട് മർക്കൊസ് തനിക്ക് വളരെ പ്രയോജനമുള്ളവനെന്ന് പൗലോസ് പോലും തിരിച്ചറിഞ്ഞത് ശ്രദ്ധേയമാണ്. (2തിമൊ.4:11; ഫിലെ.24).*

**കാലം:** *സുവിശേഷങ്ങളിൽ ഏറ്റവും ആദ്യത്തേതായ ഈ പുസ്തകം എ.ഡി. 63 നുമുമ്പ് രചിക്കപ്പെട്ടിരിക്കാം. ആ സമയത്ത് മർക്കൊസ് പൗലോസിനോടൊപ്പം റോമിൽ ആയിരുന്നു എന്നതിൽ സംശയമില്ല. പൗലോസ് റോമർക്കെഴുതിയ ലേഖനം മുമ്പേ അവിടെ പ്രചാരത്തിലായിരുന്നതിനാൽ ആ ലേഖനത്തോട് മർക്കോസിനും ബന്ധമുണ്ടായിരുന്നു. അതുകൊണ്ട് മർക്കോസിന്റെ സുവിശേഷത്തിലെ വസ്തുതകൾ പത്രോസിൽനിന്നും, അതിലെ വിശദീകരണങ്ങൾ പൗലോസിൽനിന്നും തനിക്ക് ലഭിച്ചതാണെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്.*

**വിഷയം:** *ഈ സുവിശേഷത്തിന്റെ വിഷയത്തെ വായനക്കാരനു മുമ്പിൽ വയ്ക്കുന്ന രണ്ടു പ്രയോഗങ്ങൾ ഒന്നാം അദ്ധ്യായത്തിലുണ്ട്.*

*"യേശുക്രിസ്തുവിന്റ സുവിശേഷത്തിന്റെ ആരംഭം" വാ.1. "യേശു...... വന്നു" (വാ.9:14).*

*മർക്കൊസ് അവതരിപ്പിക്കുന്നത് യേശുക്രിസ്തുവിന്റെ ആരംഭമല്ല, സുവിശേഷത്തിന്റെ ആരംഭമാണ്.*

*"യേശു വന്നു" എന്ന മർക്കൊസിന്റെ പ്രയോഗം യെശയ്യാവിന്റെ പ്രവചനത്തിൽനിന്നും, സ്നാപകയോഹന്നാന്റെ പ്രഘോഷണത്തിൽ നിന്നും വന്നതാണ്. യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നതു പോലെ ബേത്‌ലഹേമോ, യെരുശലേമോ അല്ല അതിന്റെ ഉറവിടം. യേശുവിന്റെ സ്നാനത്തിലും പരീക്ഷയിലും, ഗലീലയിലെ തന്റെ ശുശ്രൂഷയിലും മർക്കൊസ് ഇതാരംഭിക്കുന്നു. മർക്കൊസ് അതിശയങ്ങളുടെ സുവിശേഷമാണ്. യേശുവിനെ ഇതിൽ യഹോവയുടെ ദാസനായി അവതരിപ്പിക്കുന്നു (യെശ.42:1,2).*

*യേശുക്രിസ്തു തന്റെ മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും പൂർണ്ണതയിൽ നന്മ ചെയ്യുന്നതിനായി വന്നു. ഇത് സുവിശേഷത്തിന്റെ മാത്രം ആരംഭമായിരുന്നു. അവൻ മരിക്കുകയും ഉയിർക്കുകയും ചെയ്തു. എന്നിട്ട് തന്റെ പ്രിയരോടു പറഞ്ഞു "പോകുക". സുവിശേഷം അങ്ങനെ പൂർണ്ണമാക്കപ്പെട്ടു. ഇതാകുന്നു ഇന്നത്തെ സുവിശേഷം.*

**താക്കോൽ വാക്യം:** *മർക്കൊ.10:45*

**സവിശേഷതകൾ:** *മർക്കൊസിന്റെ ശൈലി, സംക്ഷിപ്തവും പ്രസക്തവും കഴമ്പുള്ളതും ലഘുവും മധുരതരവുമത്രേ. മർക്കൊസ് അധികം വളച്ചുകെട്ടില്ലാതെ കാര്യത്തിലേക്കു കടക്കുന്നു. ഇത് പ്രവർത്തനത്തിന്റെയും നിറവേറ്റലിന്റെയും സുവിശേഷമാണ്.*

*യേശു ഇവിടെ വാക്കുകൾകൊണ്ടോ, വിവരണം കൊണ്ടോ ആദരിക്കപ്പെടുന്നില്ല, പ്രത്യുത തന്റെ പ്രവർത്തനം മൂലം താൻ നഗ്നനാക്കപ്പെടുകയും നിന്ദിക്കപ്പെടുകയുമാണ്.*



*ലളിതമായ ശൈലിയിലാണ് മർക്കൊസ് എഴുതപ്പെട്ടിരിക്കുന്നത്. തെരുവിലെ സമൂഹങ്ങൾക്കായ് ഇതു രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നു. അനന്തരം എന്ന പ്രയോഗം മറ്റെല്ലാറ്റിലും അധികം ഇതിൽ കാണുന്നു. ഇത്രത്തോളം പ്രവർത്തനത്തെ കൈമാറുന്ന മറ്റൊരു പദമില്ല. 'അനന്തരം' എപ്പോഴും തുടർന്നുള്ള പ്രവർത്തിയിലേക്കു നയിക്കുന്നു.*

*മർക്കൊസ് ഈ സുവിശേഷം റോമിൽ വച്ച് മിക്കവാറും റോമാക്കാർക്കായി എഴുതിയതാണ്. അവർ വളരെ തിരക്കുള്ളവരും അധികാരത്തിലും പ്രവർത്തിയിലും വിശ്വസിക്കുന്നവരുമായ ആളുകളാണ്. തിരക്കുള്ള ഒരുവനു വായിക്കുവാനും ഒരു റോമൻ മനസ്സിന് ആകർഷകമാകാനും കഴിയും വിധം ഈ സുവിശേഷം സംക്ഷിപ്തമാണ്. ചുരുക്കം പഴയനിയമ ഉദ്ധരണികളും, യഹൂദ ആചാരവിവരങ്ങളും ഇത് വിദേശീയർക്കെഴുതിയതാണെന്നു തെളിയിക്കുന്നു. തിരക്കുള്ള ഒരു മനുഷ്യനാൽ, തിരക്കുള്ള ഒരു മനുഷ്യനെക്കുറിച്ച് തിരക്കുള്ളവർക്കായി എഴുതപ്പെട്ടതാണ് മർക്കൊസിന്റെ സുവിശേഷം.*

## വിഷയവിഭജനം

**ക്രിസ്തുവിന്റെ യോഗ്യതകൾ**

**I യോഹന്നാൻ ദാസനെ പരിചയപ്പെടുത്തുന്നു. അദ്ധ്യാ.1:1–8 (യോഹന്നാന്റെ മരണം 6:14–29)**

**II പിതാവാം ദൈവം ദാസനെ വേർതിരിക്കുന്നു അദ്ധ്യാ.1:9–11 (രൂപാന്തരപ്പെടൽ 9:1–8)**

**III പരീക്ഷ ദാസന്റെ പ്രവർത്തിയെ തുടങ്ങി വയ്ക്കുന്നു അദ്ധ്യാ. 1:12,13**

**IV പ്രവർത്തിയും വാക്കുകളും ദാസനെ തെളിയിക്കുന്നു. അദ്ധ്യാ.1:14; 13:37**

**A. അതിശയങ്ങൾ**

1. **രോഗസൗഖ്യം (ശാരീരികം)**
   a. *പത്രോസിന്റെ അമ്മാവിയമ്മയും മറ്റുള്ളവർക്കും 1:29–34*
   b. *കുഷ്ഠരോഗി 1:40–45*
   c. *പക്ഷവാതക്കാരൻ 2:1–12*
   d. *വരണ്ട കയ്യുള്ള മനുഷ്യൻ 3:1–5*
   e. *ഗലീല കടൽക്കരയിൽ വച്ച് അനേകർ 3:6–10*

f. *രക്തസ്രാവക്കാരി 5:21-34*
g. *നസ്രേത്തിലെ രോഗികൾ 6:5*
h. *ശിഷ്യന്മാർ സൗഖ്യമാക്കുന്നു 6:13*
i. *ഗന്നേസരത്ത് ദേശത്തെ രോഗികൾ 6:53-56*
j. *ദെക്കപ്പൊലി ദേശത്തെ വിക്കനായ ചെകിടൻ 7:31-37*
k. *ബേത്ത് സയിദയിലെ കുരുടൻ 8:22-26*
l. *കുരുടനായ ബർത്തിമായി 10:46-52*

**2. പ്രകൃതി (പ്രകൃതി ശക്തി)**

a. *കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു 4:35-41*
b. *അയ്യായിരത്തെ പോഷിപ്പിക്കുന്നു. 6:32-44*
c. *കടലിന്മേൽ നടക്കുന്നു. 6:45-52*
d. *നാലായിരത്തെ പോഷിപ്പിക്കുന്നു. 8:1-9*
e. *അത്തിവൃക്ഷത്തെ ശപിക്കുന്നു. 11:12-14*

**3. ദുരാത്മാവ് (ആത്മീകം)**

a. *പള്ളിയിൽ ഒരു മനുഷ്യൻ. 1:21-22*
b. *കഫർന്നഹൂമിലെ അനേകം ഭൂതങ്ങൾ. 1:32-34*
c. *ഗലീലയിലെ ഭൂതങ്ങൾ. 1:39*
d. *ഗലീലക്കരയിലെ അശുദ്ധാത്മാക്കൾ. 3:11,12*
e. *അവൻ ഭൂതങ്ങളുടെ തലവനായ ബേയെത്സബൂലിനെക്കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു എന്ന് ശാസ്ത്രിമാർ ആരോപിക്കുന്നു. 3:22-30*
f. *ഗദര ദേശത്ത ഭൂതഗ്രസ്ഥൻ. 5:1-20*
g. *സുറൊഫൊയ്നിക്യക്കാരിയുടെ ഭൂതഗ്രസ്ഥയായ മകൾ. 7:24-30*
h. *ഭൂതബാധിതനായ ബാലൻ. 9:14-27*

**4. ഉയിർപ്പിക്കൽ (അമാനുഷികം)**

a. *യായിറോസിന്റെ മകൾ. 5:35-43*

**B. ഉപമകളും പഠിപ്പിക്കലുകളും**

**1. ഉപമകൾ**

a. *മണവാളൻ കൂടെയുള്ളപ്പോൾ ഉപവാസം. 2:19,20*
b. *കോടിത്തുണിക്കണ്ടം പഴയതുണിയിൽ. 2:21*



c. *പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ. 2:22*
d. *വിതക്കാരൻ. 4:1-20*
e. *വിളക്കും വിളക്കുതണ്ടും 4:21-25*
f. *വിത്തു വളരുന്നു. 4:26-29*
g. *കടുകുമണി 4:30-34*
h. *മുന്തിരിത്തോട്ടത്തിൽ നിന്നും ഫലം ആവശ്യപ്പെടുന്ന മനുഷ്യൻ. 12:1-12*
i. *അത്തി. 13:28-33*
j. *പരദേശത്തുപോകുന്ന മനുഷ്യൻ 13:34-37*

**2. വിവിധങ്ങളായ പഠിപ്പിക്കലുകൾ**

a. *ദൈവരാജ്യത്തിന്റെ സുവിശേഷം. 1:14,15*
b. *ഗലീലയിലെ പ്രസംഗം. 1:28, 35-39*
c. *ശാബദ്. 2:23-28*
d. *പുതിയ ബന്ധം. 3:31-35*
e. *നസ്രേത്തിലെ സിനഗോഗ്. 6:1-6*
f. *പന്തിരുവരെ അയയ്ക്കുന്നു. 6:7-13*
g. *പന്തിരുവർ മടങ്ങിവരുന്നു. 6:30-31*
h. *പരീശന്മാരെ ശാസിക്കുന്നു. 7:1-23*
i. *പുളിച്ചമാവിനെ വിശദീകരിക്കുന്നു. 8:10-21*
j. *ക്രിസ്തുവിന്റെ മരണം. 8:27-38; 9:30-32; 10:32-34*
k. *ഒന്നാമന്റെ ലക്ഷണം. 9:33-37*
l. *വിഭാഗീയതയെ ശാസിക്കുന്നു. 9:38-41*
m. *നരകം. 9:42-50*
n. *വിവാഹം. 10:1-16*
o. *സമ്പത്ത്. 10:23-31*
p. *പ്രാർത്ഥന. 11:22-26*
q. *യേശുവിന്റെ അധികാരം. 11:27-33*
r. *നികുതി. 12:13-17*
s. *ഉയിർപ്പ്. 12:18-27*
t. *മഹാനിയോഗം. 12:28-34*
u. *മശിഹ. 12:35-40*
v. *ഒലിവുമലയിലെ പ്രസംഗം. 13:1-27*